**"ഭരണ ഭാഷ – മാതൃഭാഷ"**

# ഇൻഫർമേഷൻ കേരളാ മിഷൻ

'പ്രതീക്ഷ' ,ഗവ: എഞ്ചിനീയറിംഗ് കോളേജിനു സമീപം ,തിരുവനന്തപുരം – 695 581

## 09.10.2014-ന് വൈകുന്നേരം 3:00 -ന് തിരുവനന്തപുരം സെക്രട്ടറിയേറ്റ് അനക്സ് ബിൽഡിംഗിൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസിൽ വച്ച് നടന്ന ഇൻഫർമേഷൻ കേരളാ മിഷൻ സൊസൈറ്റിയുടെ 4–ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്ട്സ്

**ഹാജർ:-**

1. ശ്രീ.ജയിംസ് വർഗ്ഗീസ്, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് **(ചെയർമാൻ)**
2. ഡോ.എം.ഷംസുദ്ദീൻ, എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം **(മെമ്പർ സെക്രട്ടറി)**
3. ശ്രീ.സുഭാഷ് ജോൺ മാത്യു, അഡീഷണൽ സെക്രട്ടറി, ഐ.ടി. ഡിപ്പാർട്ട്മെന്റ്
4. ശ്രീ. പി.എൻ മനോജ്കുമാർ, അണ്ടർ സെക്രട്ടറി, ധനകാര്യ വകുപ്പ്

**"ഭരണ ഭാഷ – മാതൃഭാഷ"**

# ഇൻഫർമേഷൻ കേരളാ മിഷൻ

'പ്രതീക്ഷ' ,ഗവ: എഞ്ചിനീയറിംഗ് കോളേജിനു സമീപം ,തിരുവനന്തപുരം – 695 581

## 09.10.2014-ന് വൈകുന്നേരം 3:00 -ന് തിരുവനന്തപുരം സെക്രട്ടറിയേറ്റ് അനക്സ് ബിൽഡിംഗിൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസിൽ വച്ച് നടന്ന ഇൻഫർമേഷൻ കേരളാ മിഷൻ സൊസൈറ്റിയുടെ 4-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്ട്സ്

| ഇനം നമ്പർ | അജണ്ട | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|---|
| 4.1 | 20.05.2014, 04.08.2014 എന്നീ തീയതികളിൽ നടന്ന 2,3-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗങ്ങളുടെ മിനിട്ട്സ് അംഗീകരിക്കൽ. | 2,3 എന്നീ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗങ്ങളുടെ മിനിട്ട്സ് എല്ലാ അംഗങ്ങൾക്കും വിതരണം ചെയ്തിട്ടുണ്ട്. |
| **എടുത്ത തീരുമാനം** | | **അംഗീകരിച്ചു.** |
| 4.2 | 2012-2013 വർഷത്തെ വാർഷിക റിപ്പോർട്ട്, ബാലൻസ് ഷീറ്റ്, എന്നിവ അംഗീകരിക്കുന്നത് സംബന്ധിച്ച്. | 2012-13 വർഷത്തെ വാർഷിക റിപ്പോർട്ട് / 2012-2013 സാമ്പത്തിക വർഷത്തിലെ ആഡിറ്റ് ചെയ്ത വരവ്, ചെലവ് കണക്ക്, ബാലൻസ് ഷീറ്റ് എന്നിവ അജണ്ടയുടെ**അനുബന്ധം-1a,b** ആയി ചേർത്തിരുന്നു.<br>ഇവ അംഗീകാരത്തിനായി സമർപ്പിക്കുന്നു. |
| **എടുത്ത തീരുമാനം** | | 2012-2013 വർഷത്തെ ആഡിറ്റ് ചെയ്ത വരവ്, ചെലവ് കണക്ക്, ബാലൻസ് ഷീറ്റ് , വാർഷിക റിപ്പോർട്ട് എന്നിവ അംഗീകരിച്ചു.<br>2013-2014 വർഷത്തിലെ ആഡിറ്റ് റിപ്പോർട്ടിൽ ഐ.കെ.എം ഒരു സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത ശേഷമുള്ള റിപ്പോർട്ട് പ്രത്യേകമായി സമർപ്പിക്കാൻ നിർദ്ദേശിച്ചു. |
| 4.3 | ഐ.കെ.എം-ന്റെ 2014-2015 വർഷത്തെ കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിന് ചാർട്ടേഡ് അക്കൗണ്ടന്റിനെ നിയമിക്കുന്നത് സംബന്ധിച്ച്. | ഐ.കെ.എം ഒരു സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത സാഹചര്യത്തിൽ സ്ഥിരമായി ഒരു സ്റ്റാറ്റ്യൂട്ടറി ആഡിറ്ററെ നിയമിക്കേണ്ടത് അനിവാര്യമാണ് . നിലവിൽ 2011-2012 മുതൽ 2013-2014 വരെ ഐ.കെ.എം കണക്കുകൾ ആഡിറ്റ് ചെയ്യുന്നതിന് M/s. Potti & Rao എന്ന സ്ഥാപനത്തിനാണ് അനുമതി നൽകിയിട്ടുള്ളത് .2014-15 വർഷത്തെ കണക്കുകൾ ആഡിറ്റ് ചെയ്യുന്നതിന് ഒരു ആഡിറ്ററെ നിയമിക്കേണ്ടതുണ്ട്. അനുമതിക്കായി. |
| **എടുത്ത തീരുമാനം** | | Expression of Interest വാങ്ങി അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ വയ്ക്കാൻ തീരുമാനിച്ചു. |
| 4.4 | ഡേറ്റാ സെന്ററിലേക്ക് സെർവർ വാങ്ങുന്നതിന് ഇ-ടെന്റർ നൽകിയതിന്റെ തുടർ നടപടികൾ സംബന്ധിച്ച്. | 04.08.2014 ലെ 3-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 3.27 നമ്പർ അജണ്ടയിൽ ഡേറ്റാ സെന്ററിലേക്ക് സെർവർ വാങ്ങുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്ത നടപടികൾ അംഗീകരിക്കുകയും ചെയ്തു.<br>പർച്ചേസ് കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം 11.07.2014 ന് Commercial Bid ഓപ്പൺ ചെയ്തു. 5 Bid ലഭിച്ചതിൽ 1 Bid പേയ്മെന്റ് നടത്താത്തതിനാൽ ഇ-ടെണ്ടർ സോഫ്റ്റ്‌വെയർ പ്രസ്തുത Bid തള്ളിക്കളഞ്ഞു.<br>ബാക്കിയുള്ള യോഗ്യത നേടിയ 4 Bid Technical Evaluation നടത്തി റിപ്പോർട്ട് 03.09.2014 ൽ കൂടിയ ഐ.കെ.എം പർച്ചേസ് കമ്മിറ്റിയിൽ സമർപ്പിച്ചു. കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം 22.09.2014 ന് Financial Bid ഓപ്പൺ ചെയ്തു. (പർച്ചേസ് കമ്മിറ്റിയുടെ മിനിട്ട്സ് **അനുബന്ധം-2** ആയി ചേർത്തിരുന്നു.) |

<table>
<tr><th>ഇനം നമ്പർ</th><th>അജണ്ട</th><th>ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ</th></tr>
<tr><td></td><td></td><td>തുടർന്ന് ഇ-പോർട്ടലിൽ Financial Bid പരിശോധിച്ചതിൽ M/s. Dimension Data India Limited എന്ന സ്ഥാപനമാണ് L1 ആയി തെരഞ്ഞെടുക്കപ്പെട്ടത്. ഹാർഡ്‌വെയറും സോഫ്റ്റ്‌വെയറും അടക്കം ₹148.73 ലക്ഷം ആണ് M/s. Dimension Data India Limited Quote ചെയ്തിരിക്കുന്നത്.<br><br>2014-2015 സാമ്പത്തിക വർഷത്തിൽ ഐ.കെ.എമ്മിന് അനുവദിച്ച പ്ലാൻ ഫണ്ടിൽ നിന്ന് നൽകുന്നതിനുള്ള അനുമതിക്കായി സമർപ്പിക്കുന്നു.</td></tr>
<tr><td colspan="2">എടുത്ത തീരുമാനം</td><td>അംഗീകരിച്ചു. ലഭിച്ച ടെണ്ടറുകളുടെ Comparative Statement തയ്യാറാക്കി എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾക്ക് വിതരണം ചെയ്യാൻ നിർദ്ദേശിച്ചു.</td></tr>
<tr><td>4.5</td><td>സ്വരാജ് ഭവനിൽ ഐ.കെ.എമ്മിന് അനുവദിച്ച സ്ഥലത്ത് സിവിൽ വർക്കുകൾ സർക്കാർ അംഗീകൃത ഏജൻസികൾ വഴി ഐ.കെ.എമ്മിന് നേരിട്ട് ചെയ്യുന്നതിനുള്ള അനുമതി സംബന്ധിച്ച്.</td><td>സ്വരാജ് ഭവനിലെ സിവിൽ വർക്കുകൾ ചെയ്യുന്നതിന് ചീഫ് എഞ്ചിനീയർ എൽ.എസ്.ജി.ഡി യെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. എന്നാൽ നാളിതുവരെ ടി വർക്കുകൾ തുടങ്ങിയിട്ടില്ല. Human Rights Commission ന്റെ നിർദ്ദേശ പ്രകാരം 2014 ഡിസംബറിൽ സ്വരാജ് ഭവനിലേക്ക് മാറാത്ത സ്ഥാപനങ്ങളുടെ മേലധികാരിയിൽ നിന്ന് തുടർന്നുള്ള വാടക ഈടാക്കമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.<br><br>ഈ സാഹചര്യത്തിൽ, ടി വർക്കുകൾ അടിയന്തിരമായി നടപ്പാക്കുന്നതിന് 03.07.2014 ലെ ജി.ഒ(പി)നം.311/14/ഫിൻ ഉത്തരവ് പ്രകാരം സർക്കാർ അംഗീകൃത അക്രഡിറ്റഡ് ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രത്തെ ഏൽപ്പിക്കുന്നതിനു, ആയതിനു വരുന്ന ചെലവ് 2014-2015 സാമ്പത്തിക വർഷത്തിൽ ഐ.കെ.എമ്മിന് അനുവദിച്ച പ്ലാൻ ഫണ്ടിൽ നിന്ന് ചിലവാക്കുന്നതിനും ഉള്ള അനുമതിക്കായി സമർപ്പിക്കുന്നു.<br><br>സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധം-3 ആയി ചേർത്തിരുന്നു.</td></tr>
<tr><td colspan="2">എടുത്ത തീരുമാനം</td><td>അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ച് നടപടികൾ തുടരേണ്ടതാണ്.</td></tr>
<tr><td>4.6</td><td>തദ്ദേശ സ്വയംഭരണ വകുപ്പ് വെബ്സൈറ്റ് പുനഃക്രമീകരിക്കുന്നതിന് ഓപ്പൺ സോഴ്സ് സംവിധാനത്തിൽ സാങ്കേതിക പരിജ്ഞാനമുള്ള ഒരാളെ താൽകാലികമായി നിയമിക്കുന്നത് സംബന്ധിച്ച്.</td><td>തദ്ദേശ സ്വയംഭരണ വകുപ്പ് വെബ്സൈറ്റ് പുനക്രമീകരിക്കുന്നതിന് 27.06.2014 ൽ റൂറൽ ഡെവലപ്പ്മെന്റ് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗം നിർദ്ദേശിക്കുകയുണ്ടായി.<br><br>നിലവിലെ വെബ്സൈറ്റിൽ വിവിധ മാറ്റങ്ങളും കൂട്ടിചേർക്കലും പൂർത്തീകരിക്കേണ്ടതുണ്ട്. ഇതിലേക്കായി വെബ്സൈറ്റ് പുനക്രമീകരിക്കുന്നതിന് ഓപ്പൺ സോഴ്സ് സംവിധാനത്തിൽ സാങ്കേതിക പരിജ്ഞാനമുള്ളവരുടെ താൽക്കാലിക സേവനം ലഭ്യമാക്കേണ്ടതുണ്ട്.<br><br>ആയതിലേക്കായി താഴെ പറയുന്ന വിദ്യാഭ്യാസ യോഗ്യതയും പ്രായോഗിക പരിചയവും ഉള്ള ഒരാളെ 6 മാസത്തേക്ക് ₹15000/- Consolidated Pay യിൽ താൽകാലികമായി നിയമിക്കുന്നതിന് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അനുമതിക്കായി സമർപ്പിക്കുന്നു.<br><br><table><tr><td>Educational Qualification:</td><td>BE / BTech / MCA / MSc Computer Science/ MSc IT.</td></tr><tr><td>Experience:</td><td>3+ Years in following skills.</td></tr><tr><td>Skills:</td><td>•Web technologies •Developing and implementing open source software projects •Customisation, template and module development in Open source content management systems like Drupal/Joomla with malty site concept •PHP Programming •DBMS like MySQL and PostgreSQL and a good working knowledge of SQL.</td></tr></table></td></tr>
</table>

| ഇനം നമ്പർ | അജണ്ട | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|---|
| എടുത്ത തീരുമാനം | | അംഗീകരിച്ചു. ഐ.കെ.എമ്മിന്റെ തനത് ഫണ്ടിൽ നിന്നും വേതനം നൽകേണ്ടതാണ്. |
| 4.7 | ഇൻഫർമേഷൻ കേരള മിഷനിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന പ്രോഗ്രാമർമാരുടെ കരാർ കാലാവധി ദീർഘിപ്പിച്ച നടപടി സാധൂകരിക്കുന്നത് സംബന്ധിച്ച്. | ഇൻഫർമേഷൻ കേരള മിഷനിലെ സോഫ്റ്റ്‌വെയർ വിഭാഗത്തിൽ കരാർ അടിസ്ഥാനത്തിൽ പ്രോഗ്രാമറായി ജോലി ചെയ്തിരുന്ന ശ്രീമതി.ആരാധന എ ജി, ശ്രീമതി.ഷിംന ബി എന്നിവരുടെ കരാർ കാലാവധി 27.08.2014ന് അവസാനിച്ച സാഹചര്യത്തിലും ഇവരുടെ സേവനം സോഫ്റ്റ്‌വെയർ വിഭാഗത്തിൽ അനിവാര്യമായതിനാലും ശ്രീമതി. ആരാധന എ ജി യുടെ കരാർ കാലാവധി 04.09.2014 ലെ /6221ഇ/2014/1ഐ.കെ.എം ഉത്തരവ് പ്രകാരം 01.09.2014മുതൽ 3മാസത്തേയ്ക്കും, ശ്രീമതി. ഷിംന ബി യുടെ കരാർ കാലാവധി 04.09.2014 ലെ 6417/ഇ/2014/1ഐ.കെ.എം ഉത്തരവ് പ്രകാരം 01.09.2014 മുതൽ 3മാസത്തേയ്ക്കും പുതുക്കി നൽകുകയുണ്ടായി.<br>അടിയന്തിര സാഹചര്യത്തിൽ എടുത്ത ഈ നടപടി എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. |
| എടുത്ത തീരുമാനം | | അംഗീകരിച്ചു. |
| 4.8 | ശ്രീ.ദിൽഷ.എസ് – ന് മെഡിക്കൽ റീ- ഇംപേഴ്സ്മെന്റ് തുക അനുവദിക്കുന്നത് സംബന്ധിച്ച്. | ഐ.കെ.എം സർവീസിൽ ഉണ്ടായിരുന്ന ശ്രീ.ദിൽഷ.എസ്സ് അദ്ദേഹത്തിന്റെ മാതാവിന്, തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിലെ ചികിത്സയ്ക്ക് ചിലവായ തുക ഐ.കെ.എം ഫണ്ടിൽ നിന്നും നൽകുന്നതിന് 17.04.2013 ലെ നം.17236/IB1/13/LSGD കത്ത് പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടറുടെ 29.11.2013 ലെ 6017/IKM/E-4/2013, 6584/IKM/E-4/2013 എന്നീ ഉത്തരവുകൾ പ്രകാരം അദ്ദേഹത്തിന് ചികിത്സയ്ക്ക് ചിലവായ തുകയിൽ മെഡിക്കൽ റീ- ഇംപേഴ്സ്മെന്റ് ആയി യഥാക്രമം 1,83,079/- , 1,25,876/- എന്നിങ്ങനെ ആകെ 3,08,955/- അനുവദിച്ചിരുന്നു.<br>എന്നാൽ 2013-14 വർഷത്തെ ബജറ്റിൽ, മെഡിക്കൽ റീ- ഇംപേഴ്സ്മെന്റ് ഇനത്തിൽ നീക്കിയിരുപ്പുണ്ടായിരുന്ന തുക, മേൽ തുക മുഴുവനായും നൽകുന്നതിന് പര്യാപ്തമായിരുന്നില്ല. ആയതിനാൽ അദ്ദേഹത്തിനു 19.12.2013 ന് 1,83,079/- രൂപാ മാത്രം നല്കുകയുണ്ടായി.<br>2013-14 വർഷത്തെ ബജറ്റിൽ, മറ്റിനങ്ങളിൽ ചെലവിൽ കുറവുവന്ന തുക കൂടി മെഡിക്കൽ റീ- ഇംപേഴ്സ്മെന്റ് ഇനത്തിൽ വകയിരുത്താൻ 25.01.2014 ൽ ചേർന്ന ഐ.കെ.എം-ന്റെ 63-മത് എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ തീരുമാനത്തിനായി സമർപ്പിച്ചിരുന്നെങ്കിലും ആയത് എക്സിക്യൂട്ടീവ് കമ്മിറ്റി നിരാകരിച്ചിരുന്നു.<br>2014-15 വർഷത്തെ ഐ.കെ.എം ബജറ്റിൽ മെഡിക്കൽ റീ- ഇംപേഴ്സ്മെന്റ് ഇനത്തിൽ 25 ലക്ഷം രൂപാ വകയിരുത്തിയിട്ടുണ്ട്. ആയതിൽ നാളിതുവരെ ചെലവായ 1,71,939/- രൂപാ കഴിച്ച് ബാക്കി 23,28,061/- രൂപാ നീക്കിയിരിപ്പുണ്ട്.<br>ശ്രീ.ദിൽഷ.എസ് – ന് റീ- ഇംപേഴ്സ്മെന്റ് ഇനത്തിൽ ബാക്കി നൽകുവാനുള്ള തുകയായ 1,25,876/- രൂപ 2014-15 വർഷത്തെ ഐ.കെ.എം ബജറ്റിൽ മെഡിക്കൽ റീ- ഇംപേഴ്സ്മെന്റ് ഇനത്തിൽ നീക്കിയിരിപ്പുള്ള തുകയിൽ നിന്ന് നൽകാമോ എന്ന തീരുമാനത്തിനായി ഈ പ്രൊപ്പോസൽ എക്സിക്യൂട്ടീവ് കമ്മിറ്റി മുൻപാകെ സമർപ്പിക്കുന്നു. |

| ഇനം നമ്പർ | അജണ്ട | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|---|
| എടുത്ത തീരുമാനം | | അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ വയ്ക്കാൻ നിർദ്ദേശിച്ചു. |
| 4.9 | കേന്ദ്ര സർക്കാർ ഇ.പി.എഫ് ശമ്പള പരിധി 6500/- ൽ നിന്നും 15000/- രൂപയാക്കി ഉയർത്തിയത് ഐ.കെ.എം ജീവനക്കാർക്ക് നടപ്പാക്കുന്നത് സംബന്ധിച്ച്. | 29.08.2014 ലെ ഇ.പി.എഫ് ഓർഗനൈസേഷന്റെ No.C-III/110001/14/3(71) MISX/2013/DC/7533 (അജണ്ടയുടെ **അനുബന്ധം-4)** പ്രകാരം ഇ.പി.എഫ്-ൽ അംഗമായിട്ടുള്ള- വരുടെ വേതന പരിധി 6500/- രൂപയിൽ നിന്നും 15000/- രൂപയായി ഉയർത്തിയിട്ടുണ്ട്. ഇത് കേന്ദ്ര ഗവൺമെന്റിന്റെ ഗസറ്റ് നോട്ടിഫിക്കേഷന്റെ അടിസ്ഥാനത്തിലാണ് വർദ്ധിപ്പിച്ചത്.(ഗസറ്റിന്റെ പകർപ്പ് അജണ്ടയുടെ **അനുബന്ധം-5)**<br>ഇത് നിയമപ്രകാരം എല്ലാ പേർക്കും ബന്ധകമാകയാൽ എല്ലാ ജീവനക്കാർക്കും 01.09.2014 മുതൽ ഇത് നടപ്പിലാക്കേണ്ടതായിട്ടുണ്ട്.<br>ആയതിനായുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അനുമതിക്കായി സമർപ്പിക്കുന്നു. |
| എടുത്ത തീരുമാനം | | **അംഗീകരിച്ചു.** |
| 4.10 | ഡേറ്റാ സെന്ററിൽ നിലവിലുള്ള ഐ.കെ.എം സെർവറിന്റെ AMC പുതുക്കുന്നത് സംബന്ധിച്ച്. | ഡേറ്റാ സെന്ററിൽ നിലവിലുള്ള ഐ.കെ.എമ്മിന്റെ 4 സെർവറുകൾക്ക് AMC പുതുക്കേണ്ടതുണ്ട്. സെർവർ വാങ്ങിയിട്ട് 3 വർഷത്തിന് മുകളിൽ ആയതുകൊണ്ട് സർക്കാർ ഉത്തരവ് ജി.ഒ(പി)നം.26/2005/ITD dated 24.12.2005 പ്രകാരം സെർവർ വാങ്ങിയ വിലയുടെ 8% (51608.88 രൂപ) മാത്രമേ AMC ചാർജ്ജ് കൊടുക്കാൻ കഴിയൂ. പക്ഷേ KELTRON ആവശ്യപ്പെട്ടിരിക്കുന്നത് 19.56% ആയ 1,26,184/- രൂപയാണ്. ഈ തുക അംഗീകരിക്കാമോ. അനുമതിക്കായി.<br>(സർക്കാർ ഉത്തരവിന്റെ പകർപ്പ് അജണ്ടയുടെ **അനുബന്ധം-6** ആയി ചേർത്തിരുന്നു.) |
| എടുത്ത തീരുമാനം | | ടെണ്ടർ വിളിക്കാൻ നിർദ്ദേശിച്ചു. |
| 4.11 | ഡി.ജി.എസ്. & ഡി Rate contract പ്രകാരം ഐ.കെ.എമ്മിൽ 70 കമ്പ്യൂട്ടറുകൾ വാങ്ങിയതിനുള്ള തുക നൽകുന്നത് സംബന്ധിച്ച്. | 20.05.2014 ൽ ചേർന്ന ഐ.കെ.എം സൊസൈറ്റിയുടെ 2-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 2.7 നമ്പർ തീരുമാനപ്രകാരം ഡി.ജി.എസ്. & ഡി Rate contract പ്രകാരം കമ്പ്യൂട്ടറുകൾ വാങ്ങുന്നതിന് അനുമതി നൽകിയിരുന്നു.<br>ഇത് പ്രകാരം M/s. Agmatel India Pvt. Ltd എന്ന സ്ഥാപനത്തിന് IKM/P&W/SO-05/2014-15 dated 08.06.2014 പ്രകാരം പർച്ചേസ് ഓർഡർ നൽകയും, കമ്പ്യൂട്ടർ സപ്ലേ ചെയ്യുകയും ചെയ്തു. ഇതിനുള്ള Invoice തുകയായ 36,19,872/- രൂപ (ടാക്സ് ഉൾപ്പെടെ) M/s.Agmatel India Pvt. Ltd എന്ന സ്ഥാപനത്തിന് ഐ.കെ.എം ഫണ്ടിൽ നിന്നും നൽകുന്നതിനുള്ള അനുമതിക്കായി. |
| എടുത്ത തീരുമാനം | | **അംഗീകരിച്ചു.** |
| 4.12 | ശ്രീ. ആനന്ദ്.യു.ആർ, സീനിയർ ടെക്നിക്കൽ ഓഫീസർ, കോഴിക്കോട് കോർപ്പറേഷൻ, ശ്രീമതി.പ്രജീഷ.എസ്, ജൂനിയർ ടെക്നിക്കൽ ഓഫീസർ, എറണാകുളം ജില്ല എന്നിവരുടെ ശിക്ഷണനടപടി സംബന്ധിച്ച്. | 04.08.2014 ന് നടന്ന 3-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ 3.9, 3.12 എന്നീ നമ്പർ അജണ്ടയുടെ തീരുമാനപ്രകാരം യഥാക്രമം ശ്രീ. ആനന്ദ്.യു.ആർ, സീനിയർ ടെക്നിക്കൽ ഓഫീസർ, ശ്രീമതി.പ്രജീഷ.എസ്, ജൂനിയർ ടെക്നിക്കൽ ഓഫീസർ എന്നിവരുടെ ശിക്ഷണനടപടി സംബന്ധിച്ച് എക്സിക്യൂട്ടീവ് ഡയറക്ടർ ഉചിതമായ നടപടി സ്വീകരിക്കാവുന്നതാണ് എന്ന് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിൽ തീരുമാനിച്ചു.<br>ഇതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ആനന്ദ്.യു.ആർ, സീനിയർ ടെക്നിക്കൽ ഓഫീസർക്ക് 18.09.2014 ലെ നം.7937/A-9/E3/2014/IKM നമ്പർ നോട്ടീസ് പ്രകാരം ശ്രീ. ആനന്ദ്.യു.ആർ ചെയ്ത ഗുരുതരമായ അച്ചടക്ക ലംഘനത്തിനും,കൃത്യവിലോപവും സംബന്ധിച്ച് എന്തെങ്കിലും |

| ഇനം നമ്പർ | അജണ്ട | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|---|
| | | ബോധിപ്പിക്കാൻ ഉണ്ടെങ്കിൽ നിശ്ചിത കാലയളവിനുള്ളിൽ തൃപ്തികരമായ വിശദീകരണം ലഭിക്കാത്ത പക്ഷം ഇനി ഒരു അറിയിപ്പ് കൂടാതെ ശ്രീ. ആനന്ദ്.യു.ആർ നെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അറിവിലേക്കായി.<br><br>ശ്രീമതി.പ്രജീഷ.എസ്, ജൂനിയർ ടെക്നിക്കൽ ഓഫീസർക്ക് 04.09.2014 ലെ നം.2364/483/E2/2014/IKM നമ്പർ നോട്ടീസ് പ്രകാരം ശ്രീമതി.പ്രജീഷ.എസ് ചെയ്ത ഗുരുതരമായ അച്ചടക്ക ലംഘനത്തിനും,കൃത്യവിലോപവും നടത്തിയതിന് താങ്കളെ സർവ്വീസിൽ നിന്നും പിരിച്ചുവിടാതിരിക്കാനുള്ള കാരണം എന്തെങ്കിലും ബോധിപ്പിക്കാൻ ഉണ്ടെങ്കിൽ നിശ്ചിത കാലയളവിനുള്ളിൽ തൃപ്തികരമായ വിശദീകരണം ലഭിക്കാത്ത പക്ഷം ഇനി ഒരു അറിയിപ്പ് കൂടാതെ ശ്രീമതി.പ്രജീഷ.എസ് നെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത നോട്ടീസിന് ശ്രീമതി.പ്രജീഷ.എസ് നൽകിയ മറുപടി എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനത്തിനായി സമർപ്പിക്കുന്നു. (ശ്രീമതി.പ്രജീഷ.എസ് ന്റെ മറുപടി അജണ്ടയുടെ അനുബന്ധം-7) |
| **എടുത്ത തീരുമാനം** | | ശ്രീ. ആനന്ദ്.യു.ആർ-നെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നോട്ടീസ് നൽകി നടപടികൾ സ്വീകരിക്കാൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി.<br><br>ശ്രീമതി.പ്രജീഷ.എസ്-ന്റെ കാര്യത്തിൽ എക്സിക്യൂട്ടീവ് ഡയറക്ടർ നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചു. |
| 4.13 | ഐ.കെ.എമ്മിന് സർവ്വീസ് ടാക്സ് ഇനത്തിൽ തുക ഈടാക്കിയത് ഒടുക്കുന്നത് സംബന്ധിച്ച്. | സെൻട്രൽ എക്സൈസ്, തിരുവനന്തപുരം-ന്റെ 08.10.2009 ലെ കത്ത് നമ്പർ VI/1627/2009/ST.Adj പ്രകാരം 01.10.2008 മുതൽ 30.09.2009 വരെ സർവ്വീസ് ടാക്സ് ഇനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ഐ.കെ.എം കൈപ്പറ്റിയ തുക പലിശയും പിഴയും ഉൾപ്പെടെ ആകെ ₹1,22,43,068/- Central Excise Service Tax Appellate Tribunel നു നൽകണമെന്നും ആയതിന്റെ 20% തുകയായ ₹24,48,614/- 27.11.2014 നോ അതിനു മുമ്പോ ഹിയറിങ്ങിനായി ഒടുക്കണമെന്ന് Central Excise Service Tax Appellate Tribunel അറിയിച്ചു.<br><br>ഇതു സംബന്ധിച്ച് Service Tax Consultant ന്റെ വിദഗ്ധ ഉപദേശം ആരായുകയുണ്ടായി. അദ്ദേഹത്തിന്റെ അഭിപ്രായം ആദ്യ ഘട്ടമെന്ന നിലയിൽ 27.11.2014 നു മുമ്പ് 20% തുക മുൻകൂറായി ഹിയറിങ്ങിനു വേണ്ടി അടയ്ക്കണമെന്നു തന്നെയാണ്. സർവ്വീസ് ടാക്സ് ഇനത്തിൽ ലോക്കൽ ബോഡിയിൽ നിന്നും Invoice Proposal പ്രകാരം ഈടാക്കിയിട്ടുള്ള മുഴുവൻ തുകയും Central Excise നു ഒടുക്കേണ്ടതാണെന്നും അഭിപ്രായപ്പെട്ടിട്ടുണ്ട്.<br><br>ഈ തുക തരം തിരിച്ചെടുക്കേണ്ടതായിട്ടുണ്ട്. Tribunel ആവശ്യപ്പെട്ടിട്ടുള്ള 20% തുക ഒടുക്കുന്നതിനുള്ള അനുമതി നൽകുന്നതിനായി സമർപ്പിക്കുന്നു. |
| **എടുത്ത തീരുമാനം** | | 20% തുക അടച്ച് കേസ് തുടരുവാൻ അനുമതി നൽകി. |
| 4.14 | ഐ.കെ.എം ജീവനക്കാരുടെ ഹെൽത്ത് ഇൻഷ്വറൻസ് പോളിസി പുതുക്കുന്നത് സംബന്ധിച്ച്. | ഐ.കെ.എം ജീവനക്കാർ കഴിഞ്ഞ വർഷം National Insurance Company Ltd. ന്റെ ഹെൽത്ത് ഇൻഷ്വറൻസ് പോളിസിയിൽ ചേർന്നിരുന്നു. അന്ന് ജീവനക്കാർ തന്നെ നേരിട്ടാണ് 4 ലക്ഷം രൂപ അടച്ചത്. ഇത്തവണ പോളിസി പുതുക്കാൻ 6 ലക്ഷം രൂപ ആകും. ഈ തുക ഒറ്റത്തവണയായി ഐ.കെ.എമ്മിൽ നിന്നും National Insurance Company Ltd നു നൽകിയ ശേഷം 5 തവണകളായി ജീവനക്കാരിൽ നിന്നും തിരിച്ചു പിടിക്കാമോ എന്ന് ഐ.കെ.എം വെൽഫയർ ഫണ്ടിനു വേണ്ടി പ്രസിഡന്റ് അപേക്ഷിച്ചിരിക്കുന്നു. |

| ഇനം നമ്പർ | അജണ്ട | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|---|
| | | 6 ലക്ഷം രൂപ National Insurance Company Ltd ന് അടയ്ക്കുന്നതിനുള്ള അനുമതിക്കായി സമർപ്പിക്കുന്നു. |
| **എടുത്ത തീരുമാനം** | | അംഗീകരിച്ചു. 5 തവണകളായി ജീവനക്കാരിൽ നിന്നും തുക തിരിച്ചു പിടിക്കേണ്ടതാണ്. |
| 4.15 | 3-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിലെ മിനിട്ട്സിൻമേൽ എടുത്ത നടപടി. | <u>3.30 ശ്രീമതി.സിമിദത്ത് ,അസിസ്റ്റന്റ് മാനേജർക്ക് മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് തുക അനുവദിച്ച നടപടി സാധൂകരിക്കുന്നത് സംബന്ധിച്ച്.</u><br>04.08.2014 ലെ 3-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 3.30 നമ്പർ തീരുമാനപ്രകാരം ഐ.കെ.എം ജീവനക്കാർക്ക് മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് അനുവദിച്ചുകൊണ്ടുള്ള ആധികാരിക രേഖ അജണ്ടയുടെ **അനുബന്ധം-8** ആയി ചേർത്തിരുന്നു.<br>ശ്രീമതി.സിമിദത്തിന്റെ പിതാവിന്റെ ചികിൽസയുമായി ബന്ധപ്പെട്ട് മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് തുക അനുവദിക്കുന്നതിനായി സർക്കാരിലേക്ക് അംഗീകാരത്തിനായി കത്ത് നൽകിയിരുന്നു. സർക്കാരിന്റെ 29.04.2014 ലെ നം.25671/ഐബി1/2014/തസ്വഭവ കത്ത് പ്രകാരം പ്രസ്തുത മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസ് അയക്കാൻ നിർദ്ദേശിച്ചു.<br>ഹെൽത്ത് ഡയറക്ടറുടെ 23.06.2014 ലെ നം.MH5/38431/14/DHS കത്ത് പ്രകാരം ശസ്ത്രക്രിയ, Disposable items, റൂം റെന്റ് എന്നീ ഇനങ്ങൾ ഒഴിച്ച് ബാക്കി തുക അനുവദിക്കാവുന്നതാണെന്ന് അറിയിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 10.07.2014 ലെ Order No.613/ IKM/E-4/2014 ഉത്തരവ് പ്രകാരം ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസ് (ഡി.എച്ച്.എസ്) അംഗീകരിച്ചു നൽകിയ മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് തുകയായ ₹1,71,939/- രൂപ അനുവദിച്ചു നൽകിയ നടപടി എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ സാധൂകരണത്തിനായി സമർപ്പിക്കുന്നു. |
| **എടുത്ത തീരുമാനം** | | അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ വയ്ക്കാൻ നിർദ്ദേശിച്ചു. |
| 4.16 | ഐ.കെ.എം ജീവനക്കാരുടെ സേവന-വേതന ഘടന രൂപീകരിക്കുന്നതിന് നിയോഗിച്ച കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചത് സംബന്ധിച്ച്. | G.O (Rt)No.2971/2013/LSGD dated 04.12.2013 പ്രകാരം ഇൻഫർമേഷൻ കേരള മിഷനിലെ ജീവനക്കാരുടെ സ്പെഷ്യൽ റൂൾസ്, വേതന ഘടന എന്നിവ തീരുമാനിക്കുന്നതിന് ഒരു കമ്മിറ്റിയെ സർക്കാർ നിയോഗിച്ചിരുന്നു. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പിന് 30.09.2014 ന് സമർപ്പിച്ച വിവരം എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അറിവിലേക്കായി. |
| **എടുത്ത തീരുമാനം** | | ശ്രദ്ധയിൽപ്പെടുത്തി. |
| 4.17 | ഐ.കെ.എമ്മിലെ സോഫ്റ്റ്‌വെയർ വിഭാഗം ജീവനക്കാർക്ക് ഓപ്പൺസോഴ്സ് പ്ലാറ്റ്ഫോമിൽ (Spring Framework and Hibernate) ട്രയിനിംഗ് നൽകുന്നത് സംബന്ധിച്ച്. | ഇൻഫർമേഷൻ കേരള മിഷനിലെ സോഫ്റ്റ്‌വെയർ വിഭാഗം ജീവനക്കാർക്ക് ഓപ്പൺസോഴ്സ് പ്ലാറ്റ്ഫോമിൽ (Spring Framework and Hibernate) ട്രയിനിംഗ് നൽകുന്നതിന് Computer Society of India, Thiruvananthapuram Chapter ഒരു പ്രൊപ്പോസൽ നൽകിയിട്ടുണ്ട്. (പ്രൊപ്പോസൽ അജണ്ടയുടെ **അനുബന്ധം-9** ആയി ചേർത്തിരുന്നു.) 6 മണിക്കൂർ വീതമുള്ള 2 ദിവസത്തെ ട്രയിനിംഗ് പ്രോഗ്രാമിന് ₹40,000/-രൂപയാണ് ഫീസിനത്തിൽ നൽകേണ്ടത്. ട്രയിനിംഗ് നടത്തുന്നതിനുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അനുമതിക്കായി സമർപ്പിക്കുന്നു. |
| **എടുത്ത തീരുമാനം** | | **അംഗീകരിച്ചു.** |
| 4.18 | ഐ.കെ.എമ്മിന്റെ കണക്കുകൾ ഓഡിറ്റ് ചെയ്യുന്ന ചാർട്ടേഡ് അക്കൗണ്ടന്റിന് ബാലൻസ് തുക | 2011-12 വർഷത്തിൽ 755 ഗ്രാമ പഞ്ചായത്തുകളുടേയും 107 ബ്ലോക്ക് പഞ്ചായത്തുകളുടേയും 11 ജില്ലാ പഞ്ചായത്തുകളുടേയും ധന വിനിയോഗ സാക്ഷ്യപത്രങ്ങൾ തയ്യാറാക്കി നൽകിയ വകയിൽ M/s Potti & Rao ന് ഒരു |

| ഇനം നമ്പർ | അജണ്ട | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|---|
| | നൽകുന്നത് സംബന്ധിച്ച് . | തദ്ദേശഭരണ സ്ഥാപനത്തിന് 300/- രൂപ നിരക്കിൽ 2,94,271/- രൂപ (സർവ്വീസ് ടാക്സ് ഉൾപ്പെടെ) അനുവദിക്കുന്നതിലേക്കായി ഫയൽ സമർപ്പിക്കുന്നു. ബാക്കി തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വിനിയോഗ സാക്ഷ്യപത്രം തയ്യാറാക്കിയ ഇനത്തിലുള്ള തുക നേരത്തേ നൽകിയിട്ടുണ്ട്. തുക നൽകുന്നതിനുള്ള അനുമതിക്കായി. |
| എടുത്ത തീരുമാനം | | തുക നൽകാൻ അനുമതി നൽകി. |
| 4.19 | ശ്രീമതി.സബീന ബി.എസ് -ൻെറ പേരിലുള്ള അച്ചടക്ക നടപടി സംബന്ധിച്ച്. | ശ്രീമതി.റൈഹാൻ, റിസപ്ഷനിസ്റ്റിന് 03.04.2014 മുതൽ 09.05.2014 വരെ 37 ദിവസത്തെ ആർജ്ജിത അവധിക്ക് എക്സിക്യൂട്ടീവ് ഡയറക്ടർ അനുമതി നൽകിയതിനാൽ Smt. Sabeena B S നെ റിസപ്ഷനിസ്റ്റ് ഡ്യൂട്ടി നോക്കുന്നതിനുവേണ്ടി 03.04.2014 തീയതിയിലെ ഉത്തരവ് നമ്പർ . 2199/E4/2014/IKM പ്രകാരം നിയോഗിച്ചിരുന്നു .എന്നാൽ ശ്രീമതി.സബീന 04.04.2014 മുതൽ 09.04.2014 വരെ അവധിയിൽ ആയിരുന്നു. അവധി കഴിഞ്ഞ് വന്നപ്പോൾ ഉത്തരവ് കൊടുത്തെങ്കിലും ഇവരുടെ ടീം ലീഡർ പകരം ആളിനെ തരുന്നതുവരെ ശ്രീമതി.സബീനയോട് അവിടെ തന്നെ തുടരാൻ പറയുകയുമാണ് ഉണ്ടായത് എന്ന കാരണത്താൽ ശ്രീമതി.സബീന പ്രസ്തുത ഉത്തരവ് പാലിച്ചില്ല .ശ്രീമതി.സബീനക്ക് 02.05.2014 ന് കുറ്റാരോപണ മെമ്മോ നൽകിയിരുന്നു .ആയതിന് ശ്രീമതി.സബീന നൽകിയ മറുപടിയിൽ പറഞ്ഞത് ശ്രീമതി.സബീനയുടെ ടീം ലീഡർ പകരം ആളിനെ തരുന്നതുവരെ ശ്രീമതി.സബീനയോട് അവിടെ തന്നെ തുടരാൻ പറയുകയും ഈ സാഹചര്യത്തിൽ ശ്രീമതി.സബീനക്ക് റിസപ്ഷൻ ജോലി ചെയ്യാൻ സാധിച്ചില്ല എന്നുമാണ് .എന്നാൽ ശ്രീമതി.സബീന നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ 14.07.2014 വീണ്ടും കുറ്റാരോപണ മെമ്മോ നൽകുകയും ആയതിൽ ശ്രീമതി.സബീന മറുപടിയായി നേരത്തെ നൽകിയത് കൂടാതെ ഈ വിവരങ്ങൾ ടീം ലീഡർ ഗ്രൂപ്പ് ഡയറക്ടറെ അറിയിച്ചിരുന്നു എന്നും, ഈ വിഷയത്തെപ്പറ്റി ശ്രീമതി.സബീനയുടെ ടീം ലീഡർ ബഹു.എക്സിക്യൂട്ടീവ് ഡയറക്ടറോട് നേരിട്ട് വിശദീകരിച്ചിട്ടുണ്ടെന്നും, അതിനാൽ മെമ്മോയിൽ തുടർ നടപടികളൊന്നും ഉണ്ടാകില്ല എന്നും മറുപടിയിൽ സൂചിപ്പിച്ചിരിക്കുന്നു .കൂടാതെ ശ്രീമതി.സബീന പറയുന്നത് ഇവരുടെ ഭാഗത്തുനിന്നും മനപ്പൂർവമായോ ബോധപൂർവമായോ യാതൊരു വീഴ്ചയും വരുത്തിയിട്ടില്ലെന്നും, പർച്ചേയ്സ് വിഭാഗത്തിൻെറ സുഗമമായ നടത്തിപ്പിന് ടീം ലീഡർ നിർദ്ദേശിച്ചതനുസരിച്ച് ഇവർ സേവനം നൽകിയതാണെന്ന് കൂടുതൽ ഒന്നും പറയാനില്ല എന്നും ബോധ്യപ്പെടുത്തിയിരുന്നു .പക്ഷേ അച്ചടക്കലംഘനം നടത്തിയതായി വ്യക്തമായ സാഹചര്യത്തിൽ ഈ ഫയലിൻ മേൽ സ്വീകരിക്കേണ്ട നടപടികൾക്കായി എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ മുൻപാകെ സമർപ്പിക്കുന്നു. |
| എടുത്ത തീരുമാനം | | എക്സിക്യൂട്ടീവ് ഡയറക്ടർ ഉചിതമായ നടപടി സ്വീകരിക്കാവുന്നതാണ്. |

എക്സിക്യൂട്ടീവ് ഡയറക്ടർ
ഇൻഫർമേഷൻ കേരള മിഷൻ
(മെമ്പർ സെക്രട്ടറി)

പ്രിൻസിപ്പൽ സെക്രട്ടറി
തദ്ദേശ സ്വയംഭരണ വകുപ്പ്
(ചെയർമാൻ)